**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2300** **12-02-2024 - ൽ മറുപടിയ്ക്ക്**

**നിയമനം ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വരാപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായി പ്രവർത്തിക്കവേ 12.08.2018 ൽ മരണപ്പെട്ട ഡോ. അൻവർ എം. കെ. യുടെ ഭാര്യ ശ്രീമതി അനീസ എം. ബഷീറിന് ആശ്രിത നിയമനപ്രകാരം ആരോഗ്യ വകുപ്പിൽ എൽ.ഡി. ക്ലർക്ക് ആയി നിയമനം ലഭിക്കുന്നതിന് 24.09.2021 ന് 2067/2021 നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭ്യമായിട്ടും നിയമനം ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (എ) | ബഹു.കേരള ഹൈക്കോടതി വിധി പ്രകാരം (Judgement dtd. 10.04.2019 in OP(KAT) No. 25/2019) ആരോഗ്യ വകുപ്പിലെ ക്ലാർക്ക് ആശ്രിത നിയമനം ഒരു വർഷത്തിൽ ഒരു ജില്ലയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമന പദ്ധതി പ്രകാരം സർക്കാർ ഉത്തരവായിട്ടും നിയമന ഉത്തരവ് ലഭിക്കാനായി 244 പേർ ആരോഗ്യ വകുപ്പിൽ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത മുൻഗണന പട്ടികയിൽ ശ്രീമതി അനീസ എം. ബഷീറിന്റെ സീനിയോരിറ്റി 194 ആണ്. ആയതിനാൽ വകുപ്പിൽ ആശ്രിത നിയമനത്തിന് ഒഴിവ് വരുന്ന മുറയ്ക്ക് മുൻഗണന സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ ടിയാൾക്ക് നിയമനം നൽകുവാൻ സാധിക്കുന്നതാണ്. |
| (ബി) | ടിയാൾക്ക് എന്നത്തേക്ക് നിയമനം നൽകുമെന്ന് വ്യക്തമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വ്യക്തിയുടെ അപേക്ഷ പരിഗണിച്ച് മറ്റ് ഏതെങ്കിലും വകുപ്പിൽ നിയമനം നൽകുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ? | (സി) | ശ്രീമതി.അനീസ.എം.ബഷീറിന്റെ അപേക്ഷ പരിഗണിച്ച് 24/09/2021 തീയതിയിലെ സ.ഉ.(കൈ)നം.2067/2021/ആകുവ. പ്രകാരം ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. നിലവിൽ മറ്റ് ഏതെങ്കിലും വകുപ്പിലേക്ക് തസ്തികമാറ്റത്തിന് ടിയാളുടെ അപേക്ഷ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ